പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4167

27.06.2012-ൽ മറുപടിയ്ക്ക്

## ടൂറിസം മേഖലകളിൽ പരിഷ്കാരം

| ചോദ്യം<br>ശ്രീ. കെ.എസ്. സലീഖ | | ഉത്തരം<br>ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). | |
|---|---|---|---|
| എ) | എത്ര കോടി രൂപയ്ക്ക് മുകളിലുള്ള ടൂറിസം പദ്ധതികൾക്കാണ് പെട്ടെന്ന് അനുമതി നൽകാനായി അതിവേഗ ക്ലിയറൻസ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; | എ) | 10 കോടി രൂപക്ക് മുകളിൽ ഉള്ള പദ്ധതികൾക്ക് വേണ്ടി. |
| ബി) | പ്രധാന ടൂറിസം മേഖലകളിൽ ഡിസ് പോസിബിൾ പ്ലാസ്റ്റിക് പൂർണ്ണമായി നിരോധിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ആദ്യം ഏതൊക്കെ ടൂറിസ്റ്റ് കേന്ദ്രങ്ങളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | ബി) | ഡിസ്പോസിബിൾ പ്ലാസ്റ്റിക്കിന്റെ ഉപയോഗം പ്രധാന വിനോദസഞ്ചാര മേഖലകളായ കോവളം, പൊൻമുടി, വേളി , വർക്കല, തെൻമല, ആലപ്പുഴ കായൽപ്രദേശങ്ങൾ, കുമരകം, ഫോർട്ട് കൊച്ചി ഇരവികുളം, തേക്കടി, പൂക്കോട് തടാകം, സൂചിപ്പാറ, കുറുവ എന്നിവിടങ്ങളിൽ ടൂറിസം വ്യവസായികളുടെ സഹായത്തോടെ പൂർണ്ണമായി നിരോധിക്കുവാൻ ടൂറിസം നയത്തിൽ പ്രഖ്യാപനമുണ്ട്. |
| സി ) | വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | സി ) | പ്രധാന വിനോദസഞ്ചാര മേഖലകളായ കോവളം, വർക്കല, കുമരകം തേക്കടി, ഫോർട്ട് കൊച്ചി എന്നിവിടങ്ങളിലേക്കും കേരളത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ബന്ധപ്പെട്ട മറ്റു വകുപ്പുകളുമായും ഡിറ്റിപിസിയുമായും ചേർന്ന് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. |
| ഡി ) | ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസ്റ്റ് വാർഡൻമാരെ നിയമിക്കുവാൻ ഉദ്ദേശമുണ്ടോ; | ഡി )<br>&<br>ഇ ) | പുതിയ ടൂറിസം നയത്തിൽ നിർദ്ദേശിച്ചിട്ടുള്ള ഈ പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ പ്രാവർത്തികമാക്കാനുള്ള നടപടികൾ തയ്യാറാക്കി വരുന്നു. |
| ഇ ) | എങ്കിൽ ഇവരുടെ നിയമനം എപ്രകാരം നടത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്നും തുടക്കത്തിൽ എത്രപേരെ നിയമിച്ചുവെന്നും ഇവരുടെ ശമ്പളം എന്തായിരിക്കുമെന്നും ഇവരുടെ ജോലി എപ്രകാരമുള്ളതായിരിക്കുമെന്നും വ്യക്തമാക്കുമോ? | | |

Salesh

സെക്ഷൻ ഓഫീസർ